# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3739**

**24.06.2014**- ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകൾ ജനകീയമാക്കുന്നതിനുള്ള നടപടികൾ</u>

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ ബാങ്കുകളുടെ സേവനം കൂടുതൽ ജനകീയമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ; | (എ) സഹകരണ ബാങ്കുകളുടെ സേവനം കൂടുതൽ ജനകീയമാക്കുന്നതിന് താഴെപ്പറയുന്ന വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.<br>1 ദാരിദ്ര്യരേഖയ്ക്ക് താഴെ വന്നിട്ടുള്ളവർ ,ചെറുകിട കച്ചവടക്കാർ, തലച്ചുമടായി കച്ചവടം ചെയ്യുന്നവർ എന്നിവർക്ക് പരമാവധി 10000/- രൂപ വരെ സ്വന്തം ജാമ്യത്തിൽ അപേക്ഷിച്ചാൽ 2 ദിവസത്തിനകം നൽകുക.<br>2 അപേക്ഷിച്ച് പരമാവധി 15 ദിവസത്തിനകം സഹകരണ സംഘങ്ങൾ /ബാങ്കുകൾ വായ്പ നൽകുക.<br>3 ജനങ്ങൾക്ക് വളരെ വേഗത്തിൽ വായ്പ ലഭിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ സഹകരണ സംഘങ്ങളുടെ /ബാങ്കുകളുടെ പ്രവർത്തന സമയം രാവിലെ 8 മണിമുതൽ വൈകുന്നേരം 8 മണി വരെ , 12 മണിക്കൂറായി ദീർഘിപ്പിക്കുക.<br>4 സഹകരണ സംഘങ്ങൾ /ബാങ്കുകളിൽ നിന്ന് നൽകുന്ന വായ്പകൾക്ക് 16% വരെ ഈടാക്കിയിരുന്ന പലിശ 1% വരെ കുറച്ച് പരമാവധി 15% - മായി നിജപ്പെടുത്തുക.<br>5 സ്വർണ്ണപ്പണയ വായ്പ ഒരാൾക്ക് 25 ലക്ഷം രൂപയായും പലിശ നിരക്ക് പരമാവധി 12%-മായും നൽകുന്നതിനും ഞായറാഴ്ചകളിൽ ബാങ്കിംഗ് പ്രവർത്തനം നടത്താൻ ' സൺഡെ ബാങ്കിംഗ്' നടപ്പിലാക്കുന്നതിനും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |